തൃപ്രയാർ പാലം - അനുബന്ധ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ വിദഗ്ദ സമിതി വിലയിരുത്തൽ റിപ്പോർട്ട് - സമർപ്പണം.

****

RFCTLARR ACT – 2013

സംഗ്രഹം

തൃശ്ശൂർ ജില്ല തൃശ്ശൂർ താലൂക്കിലെ താന്ന്യം വില്ലേജ് സർവ്വേ നമ്പർ 734/2, 734/1, 515/3, 515/4, 514/1 ചാവക്കാട് താലൂക്കിലെ നാട്ടിക വില്ലേജ് സർവ്വേ നമ്പർ 300/2A, 300/3A എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന സ്ഥലമാണ് തൃപ്രയാർ പാലം അനുബന്ധ റോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നത്. പദ്ധതിയുടെ സാമൂഹിക പാരിസ്ഥിതിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തൽ കമ്മിറ്റി പ്രസ്തുത റിപ്പോർട്ട് വായിച്ച് വിശകലനം നടത്തുകയും പദ്ധതി പ്രദേശത്തെ ജനങ്ങളിൽ നിന്നും വിവരശേഖരണം നടത്തി വിലയിരുത്തിയതിന്റെ വെളിച്ചത്തിൽ തൃപ്രയാർ അപ്രോച്ച് റോഡ് ഈ കാലഘട്ടത്തിന്റെ ഏറ്റവും അനുയോജ്യമായ പദ്ധതിയാണെന്നും പ്രസ്തുത പാലം വരിക വഴി ജനങ്ങളുടെ സഞ്ചാരം അപകടരഹിതവും സുഗമവും ആകുമെന്നും അനുമാനിക്കുന്നു. ഈ പദ്ധതി വരിക വഴി പദ്ധതി പ്രദേശത്തെയും അനുബന്ധ മേഖലകളിലെയും ജനങ്ങളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകൾ മെച്ചപ്പെടുമെന്നും പദ്ധതി ഗവൺമെന്റിന് മുതൽ കൂട്ടാകുമെന്നും കേരളത്തിന്റെ സുസ്ഥിര വികസനത്തിന് ഭാഗധേയം നിർണ്ണയിക്കുമെന്നും മനസ്സിലാക്കുകയുണ്ടായി. അതിനാൽ തൃപ്രയാർ അപ്രോച്ച് റോഡിനാവശ്യമായ ഭൂമി ഏറ്റെടുക്കുവാനും ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച് നീതിയുക്തമായ രീതിയിൽ ജനങ്ങൾക്ക് അർഹിക്കുന്ന നഷ്ടപരിഹാരം നൽകി പ്രകൃതി ഭേദം വരുത്താതെ ഗ്രീൻ പ്രോട്ടോക്കോൾ മാനദണ്ഡങ്ങൾ പാലിച്ച് ജനങ്ങൾക്ക് മറ്റു ഗതാഗതമാർഗ്ഗങ്ങൾ അവലംബിച്ച് പദ്ധതി തുടങ്ങുവാനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും ഗവൺമെന്റിനോട് താഴ്മയായി അഭ്യർത്ഥിക്കുന്നു.



ആമുഖം

ബഹുമാനപ്പെട്ട ജില്ലാകളക്ടർ ഉത്തരവ് നമ്പർ GO(P) No : 377/2016/RD പ്രകാരം തൃപ്രയാർ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി തൃശ്ശൂർ ജില്ല തൃശ്ശൂർ താലൂക്കിലെ താന്ന്യം വില്ലേജ് സർവ്വേ നമ്പർ 734/2, 734/1, 515/3, 515/4, 514/1 ചാവക്കാട് താലൂക്കിലെ നാട്ടിക വില്ലേജ് സർവ്വേനമ്പർ 300/2A, 300/3A എന്നിവയിലുൾപ്പെട്ട സ്ഥലം കണ്ടെത്തി പദ്ധതികൾക്കായി വിലയ്ക്ക് എടുക്കുന്നതിന് യൂത്ത് സർവ്വീസ് ഓർഗനൈസേഷൻ നടത്തിയ പാരിസ്ഥിതിക, സാമൂഹിക, പ്രത്യാഘാത റിപ്പോർട്ട് വിലയിരുത്തുന്നതിനു വേണ്ടി തൃശ്ശൂർ ജില്ലാ കളക്ടർ ഏഴംഗ സമിതിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ജനങ്ങളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും വിവരശേഖരണം നടത്തുകയും ക്രോഡീകരിക്കുകയും വിശകലനം നടത്തുകയും അതിലൂടെ വസ്തുനിഷ്ടവും, ആധികാരികവും, സമഗ്രവും, നിഷ്പക്ഷവും നീതിയുക്തവുമായ പഠന റിപ്പോർട്ട് ചിട്ടപ്പെട്ടുത്തുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിക്കുന്നു.

കമ്മിറ്റി അംഗങ്ങൾ

ക്രമനം	പേര്	അഡ്രസ്സ്	ഉദ്യോഗ പേര്	ഒപ്പ് തിയ്യതി
1	ഡോ.ബിനു കെ. (ചെയർമാൻ)	സാമൂഹിക ശാസ്ത്ര വിഭാഗം മേധാവി, സെന്റ് മേരീസ് കോളേജ്, തൃശൂർ - 680 002 ഫോൺ - 9846678530 ഇ-മെയിൽ - binupalara1976@gmail.com	സാമൂഹിക ശാസ്ത്ര വിഭാഗം മേധാവി	
2	ഡോ. രമ്യ ആർ. (മെമ്പർ)	പ്രൊഫസർ, സാമ്പത്തിക ശാസ്ത്ര വിഭാഗം, ശ്രീ. സി. അച്യുതമേനോൻ ഗവ. കോളേജ്, കുട്ടനെല്ലൂർ, തൃശ്ശൂർ, ഫോൺ - 9946985656 ഇ-മെയിൽ - ramyarajeswaran@yahoo.com	സാമൂഹിക ശാസ്ത്രജ്ഞ	
3	ശ്രീ. എ.കെ. ആനന്ദൻ	റിട്ട. ഡെപ്യൂട്ടി കളക്ടർ, കോണ്ടത്ത് വീട്, മന്നിൻകര, ചേറ്റുപുഴ പി.ഒ., തൃശ്ശൂർ, 680 002 , ഫോൺ-9447736782,	പുനരധിവാസ പ്രവർത്തന വിദഗ്ദൻ	

4	ശ്രീ. പി.എസ്. സുരേന്ദ്രൻ	പൊറ്റക്കാട്ട് വീട്, പുത്തൂർ പി.ഒ., തൃശ്ശൂർ 680 014, ഫോൺ-0487-23316631, 9895314121, ഇ-മെയിൽ - surendranpottekkattu@gmail.com	റിട്ട. ഡെപ്യൂട്ടി കളക്ടർ,	21/8/20
5	ശ്രീ. സന്തോഷ്കുമാർ എം.കെ.,	അസി.എക്സി. എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. പാലങ്ങൾ ഉപവിഭാഗം, തൃശ്ശൂർ ഫോൺ 8086395084	അസി.എക്സി. എഞ്ചിനീയർ	21/08/20
6.	ശ്രീമതി വിനു (മെമ്പർ വാർഡ് 9	നാട്ടിക ഗ്രാമപഞ്ചായത്ത്, ഫോൺ 9496046100	വാർഡ് മെമ്പർ	21/8/2020
7.	ശ്രീ. ഒ.എസ്. അഷറഫ്	മെമ്പർ- വാർഡ്18, താന്ന്യം ഗ്രാമപഞ്ചായത്ത്) ഫോൺ 9388557700	വാർഡ് മെമ്പർ	21/8/20

സാമൂഹിക പ്രത്യാഘാത റിപ്പോർട്ടിന്റെ പ്രസക്തമായ ഭാഗങ്ങൾ

1) തൃശ്ശൂർ ജില്ല തൃശ്ശൂർ താലൂക്കിലെ താന്ന്യം വില്ലേജ് ചാവക്കാട് താലൂക്കിലെ നാട്ടിക വില്ലേജ് എന്നിവ ഉൾപ്പെടുന്ന സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കപ്പെട്ടിരിക്കുന്നത്. പ്രസ്തുത പ്രദേശം സാംസ്കാരികവും, മതപരവും, സാമൂഹികപരവുമായി പ്രത്യേകതയുള്ള ഭൂപ്രദേശമാണ്. പ്രശസ്തമായ തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, വാണിജ്യപരമായി പ്രത്യേകതയുള്ള കനോലി കനാൽ എന്നിവ സ്ഥിതി ചെയ്യുന്നത് ഈ പ്രദേശത്താണ്. ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ നിന്നും ഏകദേശം 23 കി.മീ അകലെയാണ് തീർത്ഥാടന പ്രധാന്യമുള്ള ഈ പ്രദേശം.

2) കേരളത്തിലെ സാംസ്കാരിക ഭൂപടത്തിലെ പ്രധാന സ്ഥലങ്ങളായ കൊടുങ്ങല്ലൂർ ക്ഷേത്രം, ചേരമാൻ ജുമാ മസ്ജിദ് പള്ളി എന്നിവിടങ്ങളിലുള്ള ദീർഘയാത്ര ഒഴിവാക്കി പ്രസ്തുത പാലത്തിലൂടെ എത്തുവാൻ കഴിയുമെന്നു ള്ളത് പദ്ധതിയുടെ പ്രധാന്യം വർദ്ധിപ്പിക്കുന്നു.

3) പാലം ഗതാഗത യോഗ്യമാകുന്നതിലൂടെ പഴയ NH-17 നെയും പുതിയ NH-66 നെയും ശ്രീരാമക്ഷേത്രവും ആയി ബന്ധിപ്പിച്ച് തൃപ്രയാർ ഒരു പ്രധാന തീർത്ഥാടന കേന്ദ്രമാക്കുന്നതിന് പദ്ധതി ഉപകാരപ്രദമായി തീരുന്നതാണ്.

4) പദ്ധതി യഥാർത്ഥ്യമാകുന്നതിലൂടെ പാലത്തിലൂടെ അപകടരഹിതമായി ഗതാഗതം സാധ്യമാകുന്നതാണ്.

5) പദ്ധതിക്കായി മറ്റു മാർഗ്ഗങ്ങളോ, സ്ഥലമോ അനുയോജ്യമായി കണ്ടെത്തുവാനോ, ഉപയോഗപ്പെടുത്തുവാനോ സാധ്യമല്ല.

6) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൊതുജനത്തിന്റെ സുരക്ഷിതവും, സുഗമവുമായ സഞ്ചാര സൗകര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. പാലം പൂർത്തിയാകുന്നതോടെ പ്രദേശത്തെ വിനോദസഞ്ചാരം, കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകൾക്ക് വമ്പിച്ച പിൻതുണ ലഭ്യമാകുകയും, ചുറ്റുപാടുമുള്ള ഗ്രാമങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്ക് വളരെ സംഭാവന ചെയ്യുകയും, തദ്ദേശീയർക്ക് തൊഴിലവസരങ്ങൾ തുറന്നുകൊടുക്കുയും ചെയ്യും.

7) പ്രസ്തുത പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന നാശനഷ്ടം വിലയിരുത്തി അർഹിക്കുന്ന നഷ്ടപരിഹാരം നൽകണം.

8) തൃശ്ശൂർ ജില്ലയിൽ ചാവക്കാട്, തൃശ്ശൂർ താലൂക്കുകളിലെ നാട്ടിക, താന്ന്യം, വില്ലേജുകളിലുൾപ്പെട്ട 0.0832 ഹെക്ടർ സ്ഥലമാണ് തൃപ്രയാർ പാലം, അനുബന്ധ റോഡ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്. നാട്ടിക പഞ്ചായത്തിലെ 8-ാം വാർഡിന്റെ പരിധിയിലും താന്ന്യം പഞ്ചായത്തിലെ 17,18 വാർഡിന്റെ പരിധിയിലുമാണ് പദ്ധതി വരുന്നത്. ഈ പ്രദേശത്ത് തുറസ്സായ ഭൂമിയും, പൊതുഭൂമിയും ഉൾപ്പെടുന്നു.

9) ഈ പദ്ധതി യാഥാർഥ്യമാകുന്നതിലൂടെ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നേരിടേണ്ടിവരുന്ന കഷ്ടനഷ്ടങ്ങൾ സുതാര്യവും, സമയബന്ധിതവുമായി നടപ്പിലാക്കേണ്ടതാണ്.

10) പ്രസ്തുത പാലം വരിക വഴി ജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്കകൾ പരിഹരിക്കേണ്ടതാണ്.

11) നിലവിലുള്ള പാലം പരിഷ്ക്കരിച്ചുപയോഗിക്കുകയോ, ഗതാഗതയോഗ്യമല്ലെങ്കിൽ നിർമ്മാർജ്ജനം ചെയ്തു നടപ്പാത സുഗമമാക്കുകയോ ചെയ്യണം.

12) പദ്ധതിക്കായി ഇതുവരെ ഭൂമിയൊന്നും തന്നെ വിലയ്ക്ക് എടുക്കപ്പെട്ടിട്ടില്ലാത്തതിനാലും ഈ പദ്ധതിക്കായി ഏറ്റവും അനുയോജ്യമായ ഭൂമി ഇത് തന്നെയെന്ന് മനസ്സിലാക്കാം.

13) പദ്ധതി പ്രദേശത്തെ ഭൂമിയിൽ ഭൂരിഭാഗവും പരമ്പരാഗതമായി വ്യക്തികൾക്ക് ലഭിച്ച ഭൂമിയാണ്. ഇവരിൽ ഭൂരിഭാഗവും സാമ്പത്തികപരമായി മുന്നോക്കാവസ്ഥയിലുമാണ്.

14) പദ്ധതി പ്രദേശത്ത് സാമൂഹികപരമായോ, സാമ്പത്തികപരമായോ പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവരോ പദ്ധതി വരുന്നതിലൂടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നവരോ ആരും തന്നെയില്ല.

വിദഗ്ധസമിതിയുടെ റിപ്പോർട്ട്

1) പദ്ധതിക്കുവേണ്ടിയെടുക്കുന്ന സ്ഥലം മതപരവും സാംസ്കാരികപരവുമായി പ്രത്യേകതയുള്ളതും പ്രശസ്തമായ ശ്രീ രാമസ്വാമിക്ഷേത്രവുമായി ബന്ധപ്പെട്ടതും കനോലി കനാലിന്റെ സമീപമുള്ളതുമാണ്.

2) വ്യാപാരവാണിജ്യ സാംസ്കാരികമായി സമന്വയം ഉൾക്കൊള്ളുന്ന ഈ പ്രദേശം കൂടുതൽ വികസനത്തിൽ എത്തുവാൻ അപ്രോച്ച് റോഡ് നിർമ്മാണത്തിലൂടെ സാധ്യമാകുന്നു.

3) പദ്ധതി പ്രാബല്യത്തിൽ വരുന്നതോടു കൂടി സ്ഥലവാസികളുടെയും, യാത്രക്കാരുടെയും സഞ്ചാരം കൂടുതൽ അപകടരഹിതവും സുഗമമാകുകയും ചെയ്യുന്നു.

4) പ്രസ്തുത പദ്ധതി യഥാർത്ഥ്യമാകുന്നതിലൂടെ പ്രദേശത്തെ വിനോദസഞ്ചാരസാധ്യതകൾ വർദ്ധിക്കുകയും സാമ്പത്തിക വളർച്ച ത്വരിതപ്പെടുകയും ചെയ്യുന്നു.

5) പാലം കൂടുതൽ അപകടരഹിതവും സുഗമവുമായി ജനങ്ങളുടെ സഞ്ചാരം സാധ്യമാകുന്നു.

6) പദ്ധതി യഥാർത്ഥ്യമാകുന്നതിലൂടെ തൃശ്ശൂർ ജില്ലയിലെ ഇതര ഗ്രാമനഗരപ്രദേശങ്ങളെ തൃപ്രയാറുമായി ബന്ധിപ്പിക്കുവാൻ കഴിയുന്നു.

7) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ തൃശ്ശൂർ ജില്ലയിലെ മറ്റു മേഖലകളെ എൻ.എച്ച് 17, എൻ.എച്ച് 66 മായി ബന്ധിപ്പിക്കുവാൻ കഴിയുന്നു.

8) പദ്ധതിക്കായി പൂർണ്ണമായും സൗകാര്യവ്യക്തികളുടെ ഭൂമിയെ ആശ്രയിക്കുന്നതിനാൽ ഭൂമി ഏറ്റെടുക്കുന്നതിൽ യാതൊരുവിധമായ നിയമപ്രശ്നങ്ങളും നിലവിലില്ല.

9) പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട് കാണപ്പെടുന്ന ഭൂമിയിലെ കാവ് പദ്ധതി പ്രദേശത്തുൾപ്പെട്ടതാണോ എന്ന് നിജപ്പെടുത്തേണ്ടതാണ്.

10) പദ്ധതി പ്രദേശത്തായി കാണപ്പെടുന്ന പുറംപോക്ക് ഭൂമിയുടെ ആധികാരികത നിയമപരമായി മനസ്സിലാക്കേണ്ടതാണ്.

11) പദ്ധതി പ്രദേശത്ത് പക്ഷിസങ്കേതങ്ങളോ ഗാർഡനുകളോ കാണപ്പെടുന്നില്ല.

12) പദ്ധതി പ്രദേശത്ത് ശ്മശാനങ്ങളോ ദുർഗന്ധം വമിക്കുന്ന വൃത്തിഹീനമായ സ്ഥലമോ ഒന്നും തന്നെയില്ല.

13) പദ്ധതി പ്രദേശത്ത് കുട്ടികളുടെ കളി സ്ഥലങ്ങളോ, പൊതുവിദ്യാലയങ്ങളോ അംഗൻവാടികളോ, ആതുരാലയങ്ങളോ, ഹെൽത്ത് സെന്ററുകളോ ഒന്നും തന്നെയില്ല.

14) പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്ന വ്യക്തികളുടെ ആശങ്കകൾ പരിഹരിച്ച് നഷ്ടപരിഹാരം നൽകി സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്.

15) പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളിൽ വയോജനങ്ങൾ, വിധവകൾ എന്നിവരുടെ ഭൂമിയുണ്ടെങ്കിൽ അത് നിജപ്പെടുത്തി ന്യായമായ നഷ്ടപരിഹാരം നൽകേണ്ടതും അവരുടെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുമാണ്.

16) പാലം നിർമ്മാണം തുടങ്ങുന്നതിനു മുമ്പ് പൊതുഗതാഗതത്തിനായി മറ്റു മാർഗ്ഗങ്ങൾ ജനങ്ങൾക്കുവേണ്ടി തരപ്പെടുത്തേണ്ടത് ആവശ്യമാണ്.

17) പദ്ധതി നിർമ്മാണ വേളകളിൽ മറ്റുവകുപ്പുകൾക്കോ, സ്ഥാപനങ്ങൾക്കോ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ന്യായമായി പരിഹരിക്കേണ്ടതാണ്.

18) പദ്ധതി പ്രദേശത്ത് ദേവസ്വം ബോർഡിന്റേയോ മറ്റ് സ്ഥാപനങ്ങളു ടേയോ ഭൂമിയുണ്ടെങ്കിൽ അത് നിയമപ്രകാരം നിജപ്പെടുത്തുകയും ആ സ്ഥാപനങ്ങളുടെ സഹകരണം പദ്ധതിക്കു വേണ്ടി ആരായുകയും ചെയ്യണം.

19) തൃപ്രയാർ അനുബന്ധ റോഡ് പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ഉണ്ടാകുന്ന സാമൂഹിക ചിലവുകളെയും സാമൂഹിക പ്രത്യാഘാതങ്ങളേയും അപേ ക്ഷിച്ച് വളരെ കൂടുതലാണെന്ന് നിസ്സംശയം പറയാൻ കഴിയും.

വിലയ്ക്കേടുക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത പരിശോധിച്ചതിൽ വിദഗ്ദ സമിതിയുടെ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ

1. പ്രദേശത്തെ മണ്ണ്, ജലം എന്നിവയുടെ ഗുണനിലവാരം പരിശോധിക്കേണ്ടത് ആവശ്യമാണ്.

2. പദ്ധതി പ്രദേശത്ത് മരങ്ങൾ, ചെടികൾ എന്നിവ പദ്ധതിമൂലം നഷ്ടപ്പെട്ടാൽ ഗ്രീൻ പ്രോട്ടോകോൾ പ്രകാരം ഹരിതസസ്യങ്ങളും വൃക്ഷങ്ങളും നട്ടുപിടിപ്പിക്കേണ്ടതും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് അത്യന്താപേക്ഷിതമാണ്.

3. പദ്ധതി വരുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന എല്ലാവിധ ആശങ്കകൾ പരിഹരിക്കേണ്ടതും ന്യായമായ നഷ്ടപരിഹാരം സാധ്യമാക്കേണ്ടതാണ്.

4. ഈ പ്രദേശത്തിലൂടെയുള്ള റോഡ് സൗകര്യം പരിമിതമായതിനാൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിച്ച് ഇതരഗതാഗത മാർഗ്ഗങ്ങൾ സാധ്യമാക്കേണ്ടത് ആവശ്യമാണ്.

5. പദ്ധതിമൂലം പ്രദേശത്ത് വൃദ്ധജനങ്ങൾ, കുട്ടികൾ, നിരാലംബർ എന്നിവർക്ക് യാതൊരുവിധമായ ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത സാഹചര്യം അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്.

6. പദ്ധതി പ്രദേശത്ത് കാവിന്റെ ഉടമസ്ഥത നിജപ്പെടുത്തേണ്ടതും പദ്ധതി പ്രദേശത്ത് ഉൾപ്പെട്ടതാണോയെന്നും പരിശോധിക്കേണ്ടതാണ്.

7. പദ്ധതി പ്രദേശത്ത് പുറംപോക്ക് ഭൂമിയുടെ ആധികാരികത നിയമപരമായി പരിശോധിക്കേണ്ടതാണ്.

8) പദ്ധതി പ്രദേശത്ത് ദേവസ്വം ബോർഡിന്റേയോ മറ്റ് സ്ഥാപനങ്ങളു ടേയോ ഭൂമിയുണ്ടെങ്കിൽ അത് നിയമപ്രകാരം നിജപ്പെടുത്തുകയും ആ സ്ഥാപനങ്ങളുടെ സഹകരണം പദ്ധതിക്കു വേണ്ടി ആരായുകയും ചെയ്യണം.

വിദഗ്ദ സമിതിയുടെ നിരീക്ഷണങ്ങളും വിലയിരുത്തലുകളും

കേരളത്തിന്റെ സുസ്ഥിര വികസനത്തിന് പരമപ്രധാനമായ പങ്ക് വഹി ക്കുന്നത് ഗതാഗത സൗകര്യങ്ങളാണ്. ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പി ക്കുക വഴി ഗ്രാമ - നഗരങ്ങളെ വർദ്ധിപ്പിക്കുവാനും അതിലൂടെ ഗ്രാമവിക സനം സാധ്യമാക്കുകയും ചെയ്യുന്നു. തൃപ്രയാർ അനുബന്ധപാലം പ്രാവർത്തികമാക്കുന്നതിലൂടെ കാലാകാലങ്ങളായി പ്രസ്തുത മേഖലയിലു ണ്ടായിരുന്ന ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുവാനും തൃപ്രയാർ മേഖല യിലെ വാണിജ്യ സാംസ്കാരിക സാധ്യതകൾ വർദ്ധിപ്പിക്കുവാനും ജന ങ്ങൾക്ക് മെച്ചപ്പെട്ടതും അപകടരഹിതവുമായ സഞ്ചാരം സാധ്യമാക്കുവാൻ കഴിയുമെന്ന് നിസ്സംശയം പറയുവാൻ കഴിയും. രാജ്യത്ത് നൂതന സാങ്കേതിക വിദ്യകൾ പ്രചുരപ്രചാരം നേടിയിരിക്കുന്ന ഈ കാലഘട്ടത്തിൽ പദ്ധതി എത്രയും വേഗം ആരംഭിച്ച് സമയബന്ധിതമായി അവസാനിപ്പിച്ച് ജന ങ്ങൾക്ക് ഉപയോഗപ്രദമായി മാറ്റേണ്ടത് കാലഘട്ടത്തിന്റേയും ഭരണകൂടത്തി ന്റേയും ആവശ്യമാണ്. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ തൃപ്ര യാർ മേഖലയിൽ കാലാകാലങ്ങളായി നിലനിൽക്കുന്ന ഗതാഗത പ്രശ്ന ങ്ങൾക്ക് ശാശ്വത പരിഹാരങ്ങൾ കാണുവാനും മെച്ചപ്പെട്ട ജീവിതം ഉറപ്പുവരു ത്തുവാനും പ്രസ്തുത പാലം യാഥാർത്ഥ്യമാകുക വഴി സാധ്യമാകുമെന്ന് അനുമാനിക്കാം. പദ്ധതി പ്രദേശത്ത് ആരാധനാലയങ്ങളോ കളിസ്ഥലങ്ങളോ പൊതുസ്ഥലങ്ങളോ ശ്മശാനങ്ങളോ തണ്ണീർത്തടങ്ങളോ സാമൂഹികപരമായ പിന്നോക്ക അവസ്ഥയിലുള്ള ജനങ്ങളോ ഇല്ലാത്തതിനാലും വിലയ്ക്ക് ഏറ്റെ

ടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി സ്വകാര്യവ്യക്തികളുടെ ആയതിനാലും ഭൂമി ക്രയവിക്രയത്തിന് നിയമപരമായി തടസ്സങ്ങൾ ഒന്നും കാണുന്നില്ല. പ്രസ്തുത പദ്ധതിക്കായി മറ്റ് ഭൂമി ഏറ്റെടുക്കാൻ ഇല്ലാത്തതിനാലും ഈ പദ്ധതിക്കായി ഏറ്റവും അനുയോജ്യവും ഉപകാരപ്രദവുമായ ഭൂമി ഇതുതന്നെയായതിനാലും പദ്ധതിക്കായി ചിലവാക്കുന്ന തുക പിന്നീട് ഗവൺമെന്റിന് ഗുണപ്രദമാകുന്നതിനാലും ,പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ഉണ്ടാകുന്ന സാമൂഹിക ചിലവുകളെയും സാമൂഹിക പ്രത്യാഘാതങ്ങളേയും അപേക്ഷിച്ച് വളരെ കൂടുതലാണെന്ന് നിസ്സംശയം പറയാൻ കഴിയും. ആയിരകണക്കിന് ജനങ്ങൾക്ക് പ്രത്യക്ഷമായും ലക്ഷണക്കിന് ജനങ്ങൾക്ക് പരോക്ഷമായും പ്രയോജനപ്രദമാകുന്ന പദ്ധതിയായതിനാൽ തൃപ്രയാർ മേൽപാലം അപ്രോച്ച് റോഡിനാവശ്യമായ ഭൂമി നിയമപരമായി ഏറ്റെടുത്ത് ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച് സമയബന്ധിതവും അഴിമതിരഹിതവുമായി നടപ്പിലാക്കി പൊതുജനങ്ങളുടെ ഗതാഗതത്തിനായി തുറന്നു കൊടുക്കണമെന്ന് വിദഗ്ദസമിതി ഗവൺമെന്റിനോട് താഴ്മയായി അപേക്ഷിക്കുന്നു. അതിനാൽ **(RECTLARR ACT - 2013)** നിയമപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ എത്രയും വേഗം ആരംഭിക്കണമെന്ന് വിദഗ്ദ സമിതി ശുപാർശ ചെയ്യുന്നു.

ക്രമനം	പേര്	അഡ്രസ്സ്	ഉദ്യോഗ പേര്	ഒപ്പ് തിയ്യതി
1	ഡോ.ബിനു കെ. (ചെയർമാൻ)	സാമൂഹിക ശാസ്ത്ര വിഭാഗം മേധാവി, സെന്റ് മേരീസ് കോളേജ്, തൃശൂർ - 680 002 ഫോൺ - 9846678530 ഇ-മെയിൽ - binupalara1976@gmail.com	സാമൂഹിക ശാസ്ത്ര വിഭാഗം മേധാവി	21/8/20
2	ഡോ. രമ്യ ആർ. (മെമ്പർ)	പ്രൊഫസർ, സാമ്പത്തിക ശാസ്ത്ര വിഭാഗം, ശ്രീ. സി. അച്യുതമേനോൻ ഗവ.	സാമൂഹിക ശാസ്ത്രജ്ഞ	21/8/2020

		കോളേജ്, കുട്ടനെല്ലൂർ, തൃശ്ശൂർ, ഫോൺ - 9946985656 ഇ-മെയിൽ - ramyarajeswaran@yahoo.com		
3	ശ്രീ. എ.കെ. ആനന്ദൻ	റിട്ട. ഡെപ്യൂട്ടി കളക്ടർ, കോണ്ടത്ത് വീട്, മന്നിൻകര, ചേറ്റുപുഴ പി.ഒ., തൃശ്ശൂർ, 680 002 , ഫോൺ-9447736782,	പുനരധിവാസ പ്രവർത്തന വിദഗ്ദൻ	
4	ശ്രീ. പി.എസ്. സുരേന്ദ്രൻ	പൊറ്റക്കാട്ട് വീട്, പുത്തൂർ പി.ഒ., തൃശ്ശൂർ 680 014, ഫോൺ-0487-23316631, 9895314121, ഇ-മെയിൽ - surendranpottekkattu@gmail.com	റിട്ട. ഡെപ്യൂട്ടി കളക്ടർ,	21/8/20
5	ശ്രീ. സന്തോഷ്കുമാർ എം.കെ.,	അസി.എക്സി. എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. പാലങ്ങൾ ഉപവിഭാഗം, തൃശ്ശൂർ ഫോൺ 8086395084	അസി.എക്സി. എഞ്ചിനീയർ	21.08.20
6.	ശ്രീമതി വിനു (മെമ്പർ വാർഡ് 9	നാട്ടിക ഗ്രാമപഞ്ചായത്ത്, ഫോൺ 9496046100	മെമ്പർ	22/08/2020
7.	ശ്രീ. ഒ.എസ്. അഷറഫ്	മെമ്പർ- വാർഡ് 18, താന്ന്യം ഗ്രാമപഞ്ചായത്ത്) ഫോൺ 9388557700	മെമ്പർ	21/8/20